**FRIDAY SERMON / വെള്ളിയാഴ്ച ഖുത്ത്ബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**05 APRIL 2019**

**28 RAJAB 1440 AH**

# WRONG CONCEPT OF JIHAD IN ISLAM

# ഇസ്ലാമിലെ ജിഹാദിനെപറ്റി തെറ്റായ ആശയപ്രചാരണം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***ഇസ്ലാമിലെ ജിഹാദിനെ പറ്റി തെറ്റായ ആശയപ്രചാരണം*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്ത്ബ ആരംഭിക്കുകയുണ്ടായി.

ഒരു മതം മൂല്യവത്തായി തീരുന്നത്, അത് സാമാന്യ ബുദ്ധിയുമായി ചേർന്നു പോകുമ്പോഴാണ്. ഇക്കാര്യത്തിൽ അതിന് വിജയിക്കുവാൻ കഴിയുന്നില്ലെങ്കിൽ, ഇതിന്റെ വൈകല്യങ്ങളെ മറി കടക്കുവാൻ ആയുധമെടുക്കുകയാണെങ്കിൽ, പ്രസ്തുത മതത്തിന്റെ തട്ടിപ്പ്, പൊള്ളത്തരം തെളിയിക്കുവാൻ മറ്റു വാദമുഖങ്ങളൊന്നും, ആവശ്യമില്ല. ആയുധം, അതിന്റെ തന്നെ കഴുത്തറുക്കുവാൻ ഓങ്ങുകയാണ്, അതിന്റെ ലക്ഷ്യത്തിൽ അത് എത്തിച്ചേരുന്നതിനു മുൻപ്! ഇസ്ലാമിന്റെ ആരംഭ കാലഘട്ടത്തിൽ ആയുധം ഉപയോഗിച്ചിരുന്നത് സംബന്ധമായി, ഇസ്ലാമിന്റെ എതിർപ്പ് അത് പ്രകടമാക്കിയിട്ടുള്ളതാണ്! ജിഹാദിന്റെ നിയമ സാധുത ശരിവെച്ചിട്ടുള്ളതുമാകുന്നു എന്നുള്ള പ്രചാരണം ഈ കാലഘട്ടങ്ങളിൽ നിലനില്ക്കുന്ന അവസ്ഥകളെകുറിച്ചുള്ള, അജ്ഞതമൂലമാണ്. വിഘടിച്ചുനില്ക്കുന്നവരെ ഒരുമിച്ചു ചേർക്കുന്നതിനായി ആയുധം ഉപയോഗിക്കുവാൻ ഇസ്ലാം ഒരിക്കലും അനുവാദം നല്കിയിട്ടില്ല. അതുപോലെ തന്നെ വിശുദ്ധ ഖുർആൻ മതപരമായ കാര്യത്തിൽ സമ്മർദ്ദം ചെലുത്തുന്നത് നിരോധിച്ചിട്ടുള്ള കാര്യവുമാകുന്നു.

## പിന്നെന്തിനാണ് ആയുധം ഉപയോഗിച്ചത്?

മതപ്രചാരണാർത്ഥം ഒരു സാഹചര്യത്തിലും ആയുധം ഉപയോഗിക്കുവാൻ പാടില്ല എന്നത് ഇസ്ലാമിന്റെ അടിസ്ഥാന ശിലയാണ്.

പ്രാഥമിക പാഠവുമാണ്. മറിച്ച് ആയുധം ഉപയോഗിക്കുന്നത് ജീവന്‍ സംരക്ഷിക്കുന്നതുമായി ബന്ധിതമാണ്. നമുക്കവയെ ഇപ്രകാരം സംഗ്രഹിക്കാം. അറേബ്യന്‍ മരുഭൂമിയിലെ അന്തേവാസികള്‍ സംസ്ക്കാര ശൂന്യരായിരുന്നു. അവര്‍ക്ക് ശരിയും തെറ്റും തിരിച്ച റിയില്ലായിരുന്നു. ഉദിച്ചുയരുന്ന ഇസ്ലാമിനോട് അവര്‍ക്ക് ശത്രുത ഉടലെടുക്കുകയും, ഇസ്ലാമിന്റെ ഏറ്റവും താഴ്ന്ന ശത്രുക്കളായി മാറു കയും ചെയ്തു. ഈ ശത്രുതയ്ക്കുള്ള കാരണം നമുക്ക് നിസ്സാര മായി മനസ്സിലാക്കുവാന്‍ സാധിക്കുന്നതാണ്. സമാനതകളില്ലാത്ത ദൈവത്തെക്കുറിച്ചും, ഇസ്ലാമിന്റെ സത്യങ്ങളെക്കുറിച്ചും ആദ്യകാല മുസ്ലിംകള്‍ മുന്നോട്ടുവെച്ച വാദമുഖങ്ങള്‍ മക്കയിലെ വിഗ്രഹാരാ ധകരെയും അതിന്റെ പ്രാന്തപ്രദേശങ്ങളെയും നശിപ്പിക്കുന്നതാ ണെന്ന് കരുതി.

ഈ പ്രദേശവാസികള്‍ പെട്ടെന്നു തന്നെ കാര്യം മനസ്സിലാക്കി, ഒരു കല്ലിന് മുന്‍പില്‍, ദൈവീക സൃഷ്ടികളില്‍ പരമശ്രേഷ്ഠമായ മനുഷ്യജീവി, അര്‍പ്പണം നടത്തുന്നത് അനുചിതമാണെന്ന് മന സ്സിലാക്കി. പുതുതായി രൂപം കൊണ്ട ഈ ശിഷ്യഗണങ്ങള്‍ മുന്നോട്ട് വെച്ച വാദമുഖങ്ങളുടെ മുന്‍പില്‍ അവര്‍ക്ക് വാദങ്ങളു മായി പിടിച്ചുനില്കുവാന്‍ സാധിച്ചില്ല. ബുദ്ധിമാന്‍മാര്‍ മുന്‍പെ മുന്‍പെ ഇസ്ലാം സ്വീകരിച്ചു. കുടുംബ ബന്ധങ്ങള്‍ വിച്ഛേദിക്കപ്പെ ട്ടു. മകന്‍ മാതാപിതാക്കളില്‍ നിന്നും വേര്‍പെട്ടു, സഹോദരന്‍ സഹോദരന്മാരില്‍ നിന്നും വേര്‍പെട്ടു.ഇത് മക്കക്കാരെ പ്രകോപി പ്പിക്കുകയും, ഈ പുതിയ മതം പടരുന്നതില്‍ നിന്നും തടയുക തന്നെ ഏകമാര്‍ഗ്ഗം! അവരുടെ മുന്‍ഗാമികളുടെ തെറ്റായ വിശ്വാ സത്തിന് ഹാനി വരുത്തുന്നു എന്ന് തീരുമാനിക്കുകയും അതേതു ടര്‍ന്ന് ശക്തമായ നടപടികളുമായി അവര്‍ മുന്നോട്ടുപോയി. ഈ പുതുമുസ്ലിംകള്‍ അതിമൃഗീയമായി വേട്ടയാടപ്പെട്ടു.

ഇസ്ലാമിലെ ആദ്യകാല ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കി യാല്‍ നമുക്ക് കാണാന്‍ കഴിയും അറബികളുടെ ക്രൂരതയും സംസ്ക്കാരശൂന്യതയും എത്രമാത്രം കഠിനതരമായിരുന്നുവെന്ന്! പുതുവിശ്വാസികളെ കുറ്റപ്പെടുത്തുകയും, നിഷ്ഠൂരമായി കൊല ചെയ്യപ്പെടുകയുമുണ്ടായി. എന്നാല്‍ ഈ നടപടികള്‍ക്കൊന്നും ഇവര്‍ ഇസ്ലാമിലേക്ക് വരുന്നതിന് തടസ്സമായില്ല. എന്നാല്‍ ഇത്തരം നടപടികള്‍കൊണ്ടൊന്നും ഇതിനെ അവസാനിപ്പിക്കുവാന്‍ കഴി യില്ല എന്ന് മനസ്സിലാക്കിയ ശത്രുക്കള്‍, ഇസ്ലാമിന്റെ പ്രവാചകന്‍

ഹസ്രത് മുഹമ്മദ് മുസ്തഫ (സ) കൊന്നുകളയുവാൻ, തീരുമാനി ക്കുകയായിരുന്നു. എന്നാൽ അവരുടെ തീരുമാനം ഫലപ്രാപ്തിയി ലെത്തിയല്ല, അദ്ദേഹത്തെ മക്കയിൽ നിന്നും മദീനയിലേക്ക് നിയോ ഗിച്ച് സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തെ രക്ഷിക്കുകയും ശക്തിപ്പെടുത്തുകയുമാണ് ചെയ്തത്. അതിക്രൂരമായി പീഡിക്കപ്പെ ട്ടവരുടെ ശീഘ്രഗതിയിലുള്ള പുരോഗതികണ്ട് അസ്വാളിച്ച ശത്രു ക്കൾ, വെറുതെയിരിക്കുവാൻ തയ്യാറായില്ല. പ്രസ്തുത ശത്രുക്കൾ മദീനയെ ലക്ഷ്യമാക്കി മുന്നോട്ടു കുതിച്ചു. അവരെ ഉന്മൂലനാശം വരുത്തിയല്ലാതെ അവർക്ക് സമാധാനം കിട്ടില്ല എന്ന മാനസികാവ സ്ഥയിലെത്തി. ഇത്തരണത്തിൽ ഇസ്ലാമിന്റെ നടപടി ഇത്രമാത്രമായി രുന്നു. പ്രതിരോധിക്കുക, മുസ്ലിംകളെ കൂട്ടക്കൊല നടത്താൻ വരുന്ന ഒരു സംഘത്തെ പ്രതിരോധിക്കുകയല്ലാതെ, മുസ്ലിംകൾ മറ്റെന്തു ചെയ്യുവാനാണ്? തങ്ങളുടെ ജീവൻ രക്ഷിയ്ക്കുവാനായി അവർ അത് ചെയ്യാതിരിക്കുവാൻ സാധിക്കുമോ? അവർ, മുസ്ലിംകൾ എന്ത് തെറ്റു ചെയ്തതിന്റെ പേരിലാണ് അവരെ ഇപ്രകാരം കൂട്ടക്കൊല ചെയ്യാൻ സത്യനിഷേധികൾ തയ്യാറായത്?

എന്തുകൊണ്ടാണ് സ്ഥിരശീലമാക്കിയ പീഡകന്മാർ, അവരുടെ അപഹരണത്തിന്റെ വില നല്കാത്തത്? ആർക്കെങ്കിലും കഴിയുമോ, അപര്യാപ്തമായ തെളിവിന്റെ മേൽ എത്തിച്ചേർന്ന എതിരഭിപ്രായ മല്ലാതെ, ആത്മാർത്ഥമായി വാദിക്കുവാൻ? തെളിവില്ലാതെ മാത്രമെ ഇസ്ലാം മതത്തിന്റെ അനുയായികളുടെ എണ്ണം കൂട്ടുന്നതിനായി ആയുധം ഉപയോഗിച്ച് എന്ന് പറയുവാൻ കഴിയുകയുള്ളു. മനഃപൂർവ്വം സത്യത്തെ മറച്ച് വെച്ച്, കുറ്റകരമായ അനീതി ചാർത്തി, ഇസ്ലാമിനെ തേജോവധം ചെയ്യുന്നവരുടെ ഗൂഢ ശ്രമങ്ങളാണ് നട ക്കുന്നത്, ഇസ്ലാമിനെതിരിൽ ഒരാൾക്കും ഒരു തെളിവും സത്യസ ന്ധമായി ഹാജരാക്കുവാൻ സാധിക്കുകയില്ല. ഇസ്ലാമിനെതിരിലുള്ള അനീതിപരമായ ഈ കുറ്റാരോപണത്തിന്, പഴിക്കേണ്ടത് ക്രിസ്ത്യൻ, മുസ്ലിം മതാധികാരികളെ മാത്രമാണ്, അതാണ് സത്യവും!.

മറുവശത്ത് അജ്ഞന്മാരായ മുല്ലാക്കൾ അവരുടെ ആവർത്തി ച്ചുള്ള പ്രസംഗങ്ങളിലൂടെയും ഫത്വകളിലൂടെയും, പാവപ്പെട്ട മുസ്ലിം ജനതയുടെ മേൽ, തെറ്റായ ജിഹാദ് തത്വസംഹിത, അടിച്ചേല്പിച്ച്, ഇസ്ലാമിനെ പിൻതാങ്ങുവാൻ ആവശ്യപ്പെടുകയാണ്. മറുവശത്ത്

പണ്ഡിതരെന്നു കരുതുന്ന ക്രിസ്ത്യൻ പാതിരിമാർ എതിർപ്പുമായി രംഗപ്രവേശം ചെയ്തു.! ഈ തെറ്റായ ആശയത്തിന് ഇന്ധനം പകരുകയാണ് ചെയ്യുന്നത്.

ഈ രണ്ടു സംഘത്തെയും എതിർത്തുകൊണ്ട്, ജിഹാദ് എന്ന സിദ്ധാന്തത്തെ തെളിവുകളാൽ പിന്താങ്ങിക്കൊണ്ടിരിക്കുന്നെങ്കിലും, ഇതിന്റെ യഥാർത്ഥ അർത്ഥം പൊതുജനങ്ങൾക്ക് വേണ്ട വിധം മസ്സിലായിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. മതപുരോഹിതന്മാർ സത്യസന്ധമായി പ്രഖ്യാപിച്ചിരുന്നുവെങ്കിൽ, ഈ മുല്ലാക്കളുടെ ഫത്‌വകൾ ഇസ്ലാമിക ചരിത്രത്തിന്റെ അജ്ഞതയുടെ അടിസ്ഥാനത്തിലാണെന്നും, അന്നു നിലനിന്നിരുന്ന സാഹചര്യം ഇന്ന് നിലവിലില്ലെന്നും, അതിനാൽ ഭുമുഖത്തു നിന്ന് ജിഹാദ് ആശയം തന്നെ തുടച്ചു നീക്കപ്പെടേണ്ടതായിരുന്നുവെന്നും അറിയുമായിരുന്നു. ഇത്തരം ഒരു നിലപാടു സ്വീകരിക്കുന്നതിലൂടെയുള്ള ദൗർഭാഗ്യകരമായ അനന്തരഫലത്തെക്കുറിച്ച് അവർ അല്പം പോലും പരിഗണിച്ചില്ല. തങ്ങളുടെ തന്നെ മതത്തിന്റെ മേൽ അവർ ഒരു മറ ഇട്ടുകൊടുക്കുകയാണ് ചെയ്തത്. ഈ മതത്തിന് ആശയങ്ങൾക്കൊണ്ട് സത്യം സ്ഥാപിക്കുവാനുള്ള കഴിവില്ല എന്ന വലിയ അപരാധമാണവർ മതത്തിന്റെ മേൽ ചാർത്തിക്കൊടുത്തത്. പ്രത്യേകം എടുത്തു പറയേണ്ട ഒരു കാര്യമാണ് സ്വയം പ്രതിരോധിക്കുവാനുള്ള അനുവാദം അവർക്ക് നല്കപ്പെട്ടെങ്കിലും, ഇസ്ലാമിന്റെ ശത്രുക്കളെ വധിക്കുവാനുള്ള അനുവാദം നല്കപ്പെട്ടുവെങ്കിലും, അവർ ശത്രുക്കൾ എല്ലാ പരിധികളും അതിലംഘിക്കാത്തിടത്തോളം, കൊല നടത്താത്തിടത്തോളം അത് ചെയ്യുവാൻ മുസ്ലിംകൾക്ക് അനുവാദം നല്കപ്പെട്ടിട്ടില്ല എന്ന വസ്തുത നാം തിരിച്ചറിയണം. ഇസ്ലാം ആശ്ലേഷിച്ച എല്ലാവർക്കും മാപ്പു കൊടുക്കുവാൻ ഇപ്പോഴും സാധ്യമാണ്, തെറ്റുകുറ്റങ്ങൾ ചെയ്തവർക്ക്, പശ്ചാത്തപിച്ചവർക്ക്, കഴിഞ്ഞകാലങ്ങളിൽ തെറ്റുകുറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അവയൊക്കെ മറക്കുവാനും, സാഹോദര്യം കെട്ടിപ്പടുക്കുവാനും, മതത്തിന്റെ ശക്തമായ ഐക്യം കാത്തുസൂക്ഷിക്കുവാനും അത് നമ്മെ പഠിപ്പിക്കുന്നു. ഇതാ, ഇവിടെ ഇസ്ലാമിന്റെ ചില എതിരാളികൾ വഴിതെറ്റി സഞ്ചരിക്കുന്നു. ചുരുക്കി പറഞ്ഞാൽ അവരതാ അവിശ്വാസികളുടെമേൽ ശക്തി ഉപയോഗിക്കണമെന്ന പുതിയമതവുമായി രംഗത്തു വന്നിരിക്കുന്നു.

ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെ മുഴുലോകത്തു നിന്നും ആട്ടിയോടിച്ചതിന്റെ ഉത്തരവാദിത്വം ഈ മുല്ലാക്കളിൽ മാത്രം നിക്ഷി

പ്തമാണ്. ഇസ്ലാമിനും മനുഷ്യപ്രകൃതിയ്ക്കും വിരുദ്ധമായ അധ്യാപനങ്ങളാണവർ പകർന്നു നല്കിയത്. മാനവജീവിതത്തിന്റെ യഥാർത്ഥ വഴിയിൽ നിന്നും മാനവനെ അവർ വഴിതിരിച്ചുവിടുന്നു!

സത്യത്തിൽ, സത്യങ്ങൾ തീർത്തും വിപരീതമാകുന്നു. ഈ സാഹചര്യത്തിൽ യാതൊരു വിധ നിർബന്ധവുമില്ല. മരണശിക്ഷ ലഭിക്കുവാൻ, അർഹതപ്പെട്ടവർക്ക് അത് നല്കിയത് ഒരനുഗ്രഹമാണ്. നീതിപൂർവ്വമായ നിലയിൽ ശിക്ഷ നടപ്പാക്കലിന്റെയും, നിയമബാധ്യത നിർവ്വഹിക്കലിന്റെയും ഇടയിൽ ഇടപെടുന്നത് തീർത്തും യുക്തി ഹീനമായ കാര്യംതന്നെയാണ്. അവർ മരണം അർഹിക്കുന്നവരാണ്, കാരണം അവർ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) കൊണ്ടുവന്ന സിദ്ധാന്തങ്ങളിൽ വിശ്വസിച്ചില്ല എന്നുള്ളതല്ല കാരണം, മറിച്ച് യഥാർത്ഥ കാരണം, അവർ നിരപരാധികളായ അനേകം മനുഷ്യരെ അറുകൊല ചെയ്തു എന്നതാണ്. അതുകൊണ്ട് അവരുടെമേൽ ശകത്മായ നിയമത്തിന്റെ ശാസന നടപ്പിലാക്കേണ്ടതാണ്. എന്നാൽ ദൈവത്തിന്റെ അനന്തമായ അനുഗ്രഹത്താൽ, അവൻ, അവർക്ക് പശ്ചാത്തപിക്കുവാനുള്ള മറ്റൊരു അവസരം കൂടി നല്കുന്നു. ഇത് വളരെ വ്യക്തമായി കാണിക്കുന്നത്, ഇസ്ലാം ഒരിക്കലും ഇത്തരം അവിശ്വാസികളെ കൊല്ലുവാൻ ഉദ്ദേശിച്ചിട്ടില്ല, എന്നുമാത്രമല്ല, മാപ്പിന്റ വാതിൽ അവർക്കായി തുറന്നുവെച്ചിരിക്കുന്നു. അവർ, മരണശിക്ഷയ്ക്ക് വിധേയരാകേണ്ട കൊലയാളികളാണെങ്കിൽ പോലും!

മറ്റു പ്രശ്നങ്ങളും ഇസ്ലാം നേരിട്ടിട്ടുണ്ട്. ആദ്യകാലത്ത്, മതപരമായ അന്ധധാരണകൾ അതിശക്തമായിരുന്നു. ഏതെങ്കിലും ഒരു ഗോത്രത്തിലെ ഒരാൾ പുതുവിശ്വാസത്തിലേക്ക് വന്നാൽ, അയാളെ ഭയപ്പെടുത്തി പീഡിപ്പിക്കുകയോ അല്ലെങ്കിൽ, കൊല്ലുകയോ ചെയ്തിരുന്നു. പീഡനം അതികഠിനമായിരുന്നു, ജീവിതം ദുസ്സഹമായിരുന്നു. മതപരമായ വിശ്വാസവും പ്രവർത്തികളും സ്വാതന്ത്ര്യത്തോടെ ചെയ്യുവാനും ഇസ്ലാം രംഗത്തുവരികയുണ്ടായി. ഈ തടസ്സങ്ങളൊക്കെ നീക്കം ചെയ്യുന്നതിനായി സ്വയം പ്രതിരോധവും പോരാട്ടവും വന്നിട്ടുണ്ട്.

ഞാൻ വിശദീകരിച്ച ഈ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ഇസ്ലാമിന്റെ, ആദികാല നൂറ്റാണ്ടിൽ ഇസ്ലാമിക യുദ്ധങ്ങൾ ഉണ്ടായി

ട്ടുള്ളത്. ഇസ്ലാം ഒരിക്കലും അതിന്റെ ആശയം പ്രചരിപ്പിക്കുവാൻ ആയുധം ഉപയോഗിച്ചിട്ടില്ല. അഥവാ മറ്റേതെങ്കിലും കാര്യത്തിനായി! ഇതിന്റെ നിലനില്പിനെ തുടച്ചു നീക്കുവാൻ നിരന്തരം ശ്രമം നടന്നിട്ടുണ്ട്. അതിന്റെ നിലനില്പിനെ ഉറപ്പു വരുത്തുവാനായി പ്രതിരോധിക്കേണ്ടതായി വന്നിട്ടുണ്ട്. ആയുധം ഉപയോഗിക്കേണ്ടത്, ഒരു കടമയായി വന്നിട്ടുണ്ട്, അതൊരു തെരഞ്ഞെടുക്കലല്ല, കാരണം, അതിന്റെ എതിരാളികൾ ആയുധമണിഞ്ഞിരിക്കുന്നു.

ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ വിസ്മൃതിയിലാണ്ടപ്പോൾ, ജിഹാദ് എന്ന ആശയത്തെ വിവിധ രീതിയിൽ വ്യാഖ്യാനിക്കുകയുണ്ടായി. അജ്ഞതയാൽ ഈ മതത്തിനെതിരിൽ അത്, ശത്രുത വളർത്തി, ഇസ്ലാം അതിന്റെ കുറ്റവാളി അല്ല. കാരണം അതിന്റെ ഉറവിടം സംശുദ്ധവും ആരോഗ്യപൂർണ്ണവുമാണ്. സത്യം ഇതാണ് മനുഷ്യ ജീവിതത്തെ ആദരിക്കാത്ത, ചോദ്യം ചെയ്യപ്പെടാൻ സാധിക്കാത്ത, തികഞ്ഞ ബുദ്ധിശൂന്യരായ വിഡ്ഢികളാണ്, ഈ തത്വങ്ങൾ, ഇസ്ലാമിന്റെ മേൽ ചാർത്തിക്കൊടുത്തത്.

നിരപരാധികളുടെ രക്തം, അവർ ഒഴുക്കിക്കൊണ്ടിരിക്കുന്നു, ഇപ്പോഴും മതിയായിട്ടില്ല. അവരുടെ അഭിപ്രായപ്രകാരം രക്തദാഹിയായ മതപരിഷ്ക്കർത്താവിനെയാണ് അവർക്കാവശ്യം. അവരുടെ മഹ്ദിയും ഇസ്ലാമിക് മിസിഹായും അപ്രകാരണമാണ്. അവരിലൂടെ ഇസ്ലാമിന്റെ ഏറ്റവും വെറുപ്പുള്ളവാക്കുന്ന ചിത്രമാണ് ലോകമെങ്ങും അവർ പ്രചരിപ്പിക്കുന്നത്. ഇക്കാരണത്താൽ ലോകർ മനസ്സിലാക്കിയിരിക്കുന്നത് ഇസ്ലാം എന്നാൽ ശക്തിയും ഹിംസയുമാണ് അത് പ്രചരിപ്പിക്കുന്നത് എന്നാകുന്നു. മനുഷ്യഹൃദയങ്ങളെ കീഴ്പ്പെടുത്തുവാനുള്ള ഒരു നന്മയും ഒരു സൂചനയും പോലും ഇസ്ലാം അംഗീകരിക്കുന്നതുപോലുമില്ല!

ഇസ്ലാമിന് നേരിട്ട അപജയത്തിലും നാശത്തിലും അവർ ഇതുവരെ തൃപ്തരല്ല, ഇതിൽകൂടുതൽ അപജയവും പരാജയവും നാശവും ഉണ്ടാകണമെന്നുമാണ് അവർ ആഗ്രഹിക്കുന്നത്. ഈ ആളുകൾ അപമാനത്തിന്റെ ഉറവിടങ്ങളാണ്. ഇസ്ലാമിനെ കൂടുതലായി അധിക്ഷേപിക്കുന്നവരാണിവർ. എന്നാൽ ഇപ്പോൾ ദൈവം തന്റെ മതം അപ്രകാരം അധിക്ഷേപത്തിന് പാത്രമാകുവാൻ അവൻ (ദൈവം)ഇഷ്ടപ്പെടുന്നില്ല. അതിന്റെ മേൽ കടന്നുകൂടിയ കറുത്ത മേഘങ്ങളെ അവിടെ നിന്ന് ആട്ടിയോടിക്കുവാൻ അവൻ ഉദ്ദേശിക്കു

ന്നു. ഇസ്ലാമിന്റെ ശത്രുക്കൾ, സത്യത്തെ അന്വേഷിക്കുന്നതിൽ യാതൊരു വിധ താത്പര്യവുമില്ലാത്തവരാണ് എന്നത് വളരെ ദൗർഭാഗ്യകരമായ ഒരവസ്ഥയാണ്. ആദ്യകാലങ്ങളിൽ ഇസ്ലാം പ്രചരിപ്പിക്കുവാൻ ആയുധം ഉപയോഗിച്ചിരുന്നുയെന്ന വാദവുമായി അവർ മുന്നോട്ടു പോകുന്നു. രക്തം ചിന്തിക്കൊണ്ടിരിക്കുന്നു.

ഇസ്ലാമിന്റെ പേരിൽ നടത്തുന്ന ഈ കുറ്റകൃത്യങ്ങളിൽ നിന്ന് ഒഴിവാകുവാൻ ഉള്ള സമയം അതിക്രമിച്ചിരിക്കുന്നു. ഈ തിന്മയെ പിഴുതെറിയുവാൻ മുല്ലാക്കൾ തയ്യാറായാൽ, അവരോടൊപ്പം നില്ക്കുന്ന മതത്തിന്റെ ആളുകളോടു ചെയ്യുന്ന ഏററവും വലിയ നന്മ ആയിരിക്കും. മറ്റു രാജ്യങ്ങൾ, ജനതകൾ ഇസ്ലാമിനെതിരിൽ പ്രകടമാക്കുന്ന നിരാസം, വെറുപ്പ് മനസ്സിലാകുന്നതാണ്. ജിഹാദിന്റെ ആശയത്തിന് മാറ്റം വരുത്താത്തിടത്തോളം കാലം, ഈ സാഹചര്യത്തിന് മാറ്റം വരുന്നതല്ല, അവരുടെ എല്ലാവിധ തെറ്റിദ്ധാരണകൾക്കും ഉത്തരവാദികൾ മുസ്ലിംകൾ തന്നെയാണ്. അതിന് അവരെതന്നെയാണ് പഴിക്കേണ്ടതും. ഇസ്ലാമിന്റെ സൗന്ദര്യങ്ങളെ മുഴുലോകത്തു നിന്നും ആട്ടി ഓടിച്ചതിന്റെ ഉത്തരവാദിത്വം മുല്ലാക്കൾക്ക് തന്നെയാണ്. അവർ പകർന്നു നല്കിയത് മനുഷ്യപ്രകൃതിക്ക് നിരക്കാത്ത അധ്യാപനങ്ങളാണ്. ദൈവത്തിൽ നിന്നും വന്നതാണ് എന്നവകാശപ്പെടുന്ന ഒരു മതത്തിന്, മനുഷ്യഹൃദയങ്ങളിലേക്ക് കടന്നുചെല്ലുവാൻ തിളങ്ങുന്ന വാളുകൾ ആവശ്യമുണ്ട് എന്ന് പറഞ്ഞാൽ, ആ മതത്തിന് പിന്നെ എന്താണ് അവകാശപ്പെടാനുള്ളത്?

ഇസ്ലാമിക സത്യത്തെക്കുറിച്ച് നല്ല അർത്ഥം കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ പരിഗണനകൾ ധാരാളം മതിയാകുന്നതാണ്. ഒരു പരിഷ്ക്കർത്താവ്, ഒരു ഖലീഫത്തുല്ലാഹ് സമാഗതമാകുവാൻ ഈ പറയപ്പെട്ട തിന്മകൾ ധാരാളം മതിയാകുന്നതാണ്. ഇസ്ലാമിന്റെ ഇന്നത്തെ ആന്തരിക അവസ്ഥയെകുറിച്ച് ഒരവലോകനം നടത്തിയാൽ, നമുക്ക് ശ്രദ്ധിക്കുവാൻ കഴിയുന്ന കാര്യം, വളരെ വലിയ നിരാശയും, താറുമാറായി കിടക്കുന്ന അവസ്ഥയും മാത്രമാണ്.

ഈ വിനീത ദാസന്റെ വരവ്, വിശ്വാസം എന്താണെന്ന് വിശദീകരിക്കുവാനാണ്, ദൈവത്തിൽ നിന്നുള്ള സത്യങ്ങൾ വെളിപ്പെടുത്തുവാനാണ്, മനുഷ്യന്റെ അവസ്ഥകളും വ്യക്തമാക്കുവാനാണ്, ഇസ്ലാമികലോകത്തെയും ഉണർത്തുവാനാണ്, മുഴുമാനവകുലത്തെയും ക്ഷണിക്കുവാനാണ് ! ദൈവത്തിന്റെ ഇംഗിതത്തിന് ജീവിതം സമർപ്പി

ച്ചാൽ നിങ്ങൾക്ക് എല്ലാം ലഭിക്കുന്നതാണ്. ദൈവത്തെ അനുസരിക്കുന്നതിനായി നിങ്ങളെ, നിങ്ങളുടെ ജീവിതത്തെ, സ്വയം പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുക, അവൻ തെരഞ്ഞെടുത്തയച്ച അവന്റെ പ്രതിനിധിയെയും അനുസരിക്കുക! ഇൻശാ അല്ലാഹ്

## ഇസ്റാഅ് മിഅ്റാജ്

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപായി പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ ഇസറാഅ് മിഅ്റാജ് സംബന്ധമായി അല്പം ചിലവാക്കുകൾ പറയുവാൻ ആഗ്രഹിക്കുകയാണ്. സർവ്വശക്തനായ അല്ലാഹു (ത)യിൽ നിന്നും ഹസ്രത് മുഹമ്മദ് മുസ്തഫ (സ)ന് ലഭിച്ച രണ്ട് വളരെ പ്രധാനപ്പെട്ട ദർശനവും ആശയവിനിമയവുമായിരുന്നു അവ. അത് തീർത്തും ആത്മീയ യാത്രയായിരുന്നു. ഭൗതിക ശരീരത്തോടു കൂടിയുള്ള യാത്ര ആയിരുന്നില്ല. പ്രസ്തുത ആത്മീയ യാത്രയിൽ അല്ലാഹു(ത) ഹസ്രത് മുഹമ്മദ് (സ) നോടും ഉമ്മത്തിനോടും 5 നേര പ്രാർത്ഥന ദിവസവും നടത്തുവാൻ കല്പിക്കുകയുണ്ടായി.

ഈ അനുഗ്രഹീത ദിവസങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുക്കേണ്ടതാണ്. പരിശുദ്ധ പ്രവാചകൻ (സ) ശാരീരികമായി ആകാശങ്ങളിലേക്ക് യാത്ര ചെയ്തതിന്റെ പേരിലല്ല മറിച്ച്, പ്രവാചകനും അല്ലാഹുവും തമ്മിൽ നടന്ന ആശയ വിനിമയത്തിനാണ് പ്രാധാന്യം. എപ്പോഴും അതിനൊരു പ്രത്യേകതയുണ്ട്. ലഭ്യമായ ഈ അനുഭവങ്ങൾ തീർത്തും ആത്മീയപരമായിരുന്നു. പ്രസ്തുതസമയത്ത് അദ്ദേഹത്തിന്റെ അവസ്ഥ നിദ്രാവസ്ഥയ്ക്കും ഉണർന്നിരിക്കുന്ന അവസ്ഥയ്ക്കും ഇടയിലുള്ള ഒരവസ്ഥയിലായിരുന്നു. ഇതിന് അറബിയിൽ കശ്ഫ് എന്നുപറയുന്നു മലയാളത്തിൽ ദർശനാവസ്ഥ എന്നുപറയാം.

ശാരീരികമായി മനുഷ്യന് ആകാശത്തേക്ക് കരേറുവാൻ സാധിക്കുകയില്ല, അവൻ അന്തിമമായി അവന്റെ മരണം വരിക്കുന്നതുവരെ, ഇക്കാര്യം മനസ്സിലാക്കേണ്ടതാണ്. അവന്റെ ശവശരീരം ഭൂമിയിൽ തന്നെ നിലകൊള്ളുന്നതാണ്. അവന്റെ ആത്മാവ് മടങ്ങിപോകുന്നതാണ്, അതിന് എവിടെയാണോ പോകുവാൻ നിശ്ചയിച്ചിട്ടുള്ളത് അവിടേക്ക് !

വിശ്വാസികൾ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)നോട് ആകാ

ശത്തിലേക്ക് കരേറി അവർക്കൊരു ഗ്രന്ഥം കൊണ്ടു വരുവാൻ ആവശ്യപ്പെട്ടപ്പോൾ, അവർക്ക് അദ്ദേഹം നല്കിയ മറുപടി ഇതാ-ഞാനൊരു മനുഷ്യനായ പ്രവാചകനല്ലേ? (17:94)

**കശ്ഫ്** എന്നത് ഒരു ഉറപ്പായ മരണമല്ല. **ആത്മാവ്** ആത്മീയമായി ഉണർന്നിരിക്കും. അല്ലാഹുമായി ബന്ധിതമായിരിക്കും. അവന്റെ വെളിപാടുകളിലൂടെയും ദൈവീക ശക്തിയാലും. അങ്ങനെ അവൻ(ദൈവം) അവനെ ഒരു താത്ക്കാലിക ആത്മീയാനന്ദ ലോകത്തിലേക്ക് കൊണ്ടു പോകുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) അങ്ങേയറ്റം സമ്പൂർണ്ണമായ കശ്ഫിന്റെ അവസ്ഥയിൽ ജീവിച്ചു. കാരണം അല്ലാഹു(ത) അദ്ദേഹത്തെ ഏഴു ആകാശങ്ങളെയും കടത്തിവിട്ടു അങ്ങനെ അല്ലാഹുമായി കണ്ടു മുട്ടി. ഏറ്റവും സൗഹൃദത്തോടെയും സ്നേഹമാസൃണവുമായ വഴിയിലൂടെ!

ഒരു സഹീഹായ ഹദീസിൽ രണ്ടു പ്രധാനപ്പട്ട സംഭവങ്ങൾ വിവരിക്കുന്നു. അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) കശ്ഫിലൂടെ സഞ്ചരിച്ചപ്പോൾ, ഒടുവിൽ അദ്ദേഹം അല്ലാഹുവിന്റെ സന്നിധിയിൽ എത്തിയപ്പോൾ, അദ്ദേഹം അല്ലാഹുവിനെ ദർശിച്ചത് തന്റെ ഭൗതിക നയനങ്ങൾ കൊണ്ടല്ല, എന്തുകൊണ്ടെന്നാൽ അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. അവൻ എല്ലാ നയങ്ങളെയും കാണുന്നു. എന്നാൽ ഒരു നയനവും അവനെ കാണുകയില്ല. (6:104)

ഇബ്ന് അബ്ബാസ് (റ) സംഭവങ്ങൾ വിവരിക്കുന്നു. അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ (സ) രണ്ടു പ്രാവശ്യം തന്റെ ഹൃദയത്തിലൂടെ അല്ലാഹുവിനെ ദർശിക്കുകയുണ്ടായി. (മുസ്ലിം) അല്ലാഹുവിനെ ദർശിച്ച ഈ ദർശനങ്ങൾ, ദൈവീകദൃഷ്ടാന്തങ്ങൾ മാത്രമായിരുന്നു. എന്നാൽ അല്ലാഹു(ത) യുടെ യഥാർത്ഥ രൂപത്തിൽ അല്ലാഹു(ത)യെ അദ്ദേഹം കണ്ടിട്ടില്ല. അദ്ദേഹം അല്ലാഹുവിനെ ദർശിച്ചത് അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ കണ്ണുകളിലൂടെയാണ്. അദ്ദേഹത്തിന്റെ നഗ്നനേത്രങ്ങൾ കൊണ്ടായിരുന്നില്ല. അബൂദർറ് (റ)ന്റെ അഭിപ്രായപ്രകാരം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) അല്ലാഹുവിനെ ദർശിച്ചത് വെട്ടിത്തിളങ്ങുന്ന ഒരു പ്രകാശമായിട്ടായിരുന്നു.

അദ്ദേഹത്തിന് ഒരു ദർശനമുണ്ടായത് കഅ്ബ ശരീഫിൽ വച്ചായിരുന്നു. മറ്റൊരു ദർശനമുണ്ടായത് ഉമ്മെഹാനി എന്ന സഹോദരന്റെ വീട്ടിൽവെച്ചായിരുന്നു. പ്രസ്തുത രണ്ടദർശനങ്ങളും ഉണ്ടായത് നിദ്രയ്ക്കും ഉണർവ്വിനും മധ്യേയുള്ള ഒരവസ്ഥയിലായി

രുന്നു. അദ്ദേഹത്തിന്റെ നയനങ്ങൾ നിദ്രയിലായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ ഹൃദയവും, ആത്മാവും, ആത്മീയ ജീവിതസത്തയും, അല്ലാഹു(ത) എന്താണോ ഉദ്ദേശിച്ചത്, അതദ്ദേഹം കണ്ടു, നേരിട്ടറിഞ്ഞു അദ്ദേഹം ശാരീരികമായി ജീവിച്ചിരിക്കുന്നതുപോലെ തന്നെ (എന്നാൽ തീർച്ചയായും അത് യഥാർത്ഥത്തിൽ ശാരീരികമായിട്ടായിരുന്നില്ല)

ഇൻശാ അല്ലാഹ് ! ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്, മനസ്സിലാക്കേണ്ടതുമാണ്. കാരണം മനുഷ്യന്, ഒരു പ്രവാചകനുപോലും, പ്രകൃതിനിയമങ്ങളെ ധിക്കരിക്കുവാൻ സാധിക്കുകയില്ല. അല്ലാഹു(ത) ചില നിയമങ്ങൾ സുസ്ഥാപിതമാക്കിയിട്ടുണ്ട്. പ്രസ്തുത നിയമങ്ങളെ എല്ലാ മനുഷ്യരും, പ്രവാചകന്മാരുൾപ്പെടെ, അത് ആദരിക്കേണ്ടതുതന്നെയാണ്. പ്രവാചകൻമാർക്കും മറവി സംഭവിക്കാം. ഉറങ്ങിപോകാം, ഭക്ഷണംകഴിക്കാം, സമയാസമയങ്ങളിൽ തെറ്റുസംഭവിക്കാം. എന്നാൽ അവർ വളരെക്കാലം തെറ്റിൽ തന്നെ നിലനില്ക്കില്ല, കാരണം അല്ലാഹു(ത) വെളിപാടുകളിലൂടെ അവരെ തിരുത്തുന്നു. എന്നിട്ടവരെ പുരോഗതിയിലേക്ക് മുന്നോട്ടു കൊണ്ടു പോകുന്നു. അങ്ങനെ അവർ തഖ്‌വയിലൂടെ അവർ ജീവിതത്തിൽ മുന്നേറുന്നു. അവർ അല്ലാഹുവിൽ ഭരമേല്പിക്കുന്നു. ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലയിൽ അവരുടെ കഴിവുകൾ മുഴുവൻ അല്ലാഹുവിൽ അർപ്പിക്കുന്നു.

നമ്മുടെ പ്രിയ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യുടെ മേലും, ഈ നൂറ്റാണ്ടിലെ അദ്ദേഹത്തിന്റെ സമസ്ത ഉമ്മത്തിന്റെ മേലും അവൻ അനുഗ്രഹം ചൊരിയട്ടെ! നമ്മുടെ പ്രിയപ്രവാചകൻ (സ) ചെയ്ത ത്യാഗങ്ങളെ കുറിച്ച് നമുക്ക് ചിന്തിക്കാം. നിത്യജീവിതത്തിൽ നമുക്കും അപ്രകാരമുള്ള ത്യാഗങ്ങൾ സമർപ്പിക്കുവാനായി പരിശ്രമിക്കാം. തദ്വാര അല്ലാഹു (ത)യുടെ പ്രീതി നമുക്കും നേടി എടുക്കാം. ഇൻശാ അല്ലാഹ് ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*